(ബി) അതിൽ എത്ര തസ്തികകൾ ഇതേവരെ പ്രത്യേക റിക്രൂട്ട്മെന്റ് പ്രകാരം നികത്തിയിട്ടുണ്ട് ; ഇനി എത്ര തസ്തികകൾ നികത്താനുണ്ട് എന്നതു സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ജസ്റ്റിസ് കെ.കെ. നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടുപ്രകാരം പിന്നോക്ക വിഭാഗങ്ങളുടെ നിയമനത്തിൽ ഉണ്ടായിട്ടുള്ള ബാക്ക്‌ലോഗ് സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

വിഭാഗം	തസ്തികകളിൽ വന്ന കുറവ്
ഈഴവ	5
മുസ്ലീം	7383
ലാറ്റിൻ കാത്തലിക്/ ആംഗ്ലോ ഇന്ത്യൻ	4370
നാടാർ	2614
പരിവർത്തിത ക്രൈസ്തവർ	2290
വിശ്വകർമ്മ	147
ധീവര	1256
മറ്റു പിന്നോക്ക വിഭാഗം	460
ആകെ	18525

(ബി) ജസ്റ്റിസ് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 2-2-2006-ൽ പുറപ്പെടുവിച്ച സ.ഉ.(പി) നം.8/06/പിജ.പവ.വിവ. പ്രകാരം സംവരണ സമുദായങ്ങൾക്ക് നിയമപരമായി ഉദ്യോഗങ്ങളിൽ ലഭിക്കേണ്ട സംവരണ കാറ്റ ഭാവിയിൽ നഷ്ടപ്പെടാതെ ലഭിക്കുമെന്ന് ഉറപ്പാക്കിയിട്ടുണ്ട്. പിന്നോക്ക സമുദായങ്ങൾക്ക് ഇതുവരെ ഉണ്ടായിട്ടുള്ള സംവരണക്കുറവുകൾ എപ്രകാരം പരിഹരിക്കാമെന്ന് വ്യവസ്ഥകളൊന്നുമില്ല. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കൊഴികെ മറ്റൊരു സംവരണ സമുദായത്തിനും ഉദ്യോഗ നിയമനത്തിലെ സംവരണക്കുറവ് നികത്താൻ സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്താൻ നിലവിൽ നിയമമില്ല.

പി.എസ്.സി. വഴിയുള്ള നിയമനം

63 (1617) ശ്രീ. എ. എം. യൂസഫ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

കാലാവധി തീരുവാൻ പോകുന്ന പി.എസ്.സി. റാങ്ക് ലിസ്റ്റുകളിൽ നിന്ന് പരമാവധി നിയമനം നടത്തുവാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

നടപ്പ് സാമ്പത്തിക വർഷം 31-3-2011 വരെ ഉണ്ടാകുവാൻ സാധ്യതയുള്ള എല്ലാ പ്രതീക്ഷിത ഒഴിവുകളും, 31-3-2011-ൽ ജീവനക്കാർ വിരമിക്കുന്നതിന് അനുസരണമായി എൻട്രി കേഡറിൽ വരാവുന്ന ഒഴിവുകൾ ഉൾപ്പെടെ, പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ എല്ലാ നിയമനാധികാരികൾക്കും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതുകൂടാതെ പെൻഷൻ ഏകീകരണം നിലവിലില്ലായിരുന്നെങ്കിൽ ജീവനക്കാർ വിരമിക്കുമായിരുന്ന ഒഴിവ് കണക്കാക്കി എൻട്രി കേഡറിൽ ഉണ്ടാകാവുന്ന പ്രതീക്ഷിത ഒഴിവുകളിലേക്ക് സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിച്ച് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാനും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

പി.എസ്.സി. നിയമനം കുറ്റമറ്റരീതിയിൽ പരിഷ്കരിക്കുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകുന്നതിനായുള്ള ഉന്നതാധികാര സമിതി

64 (1618) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എസ്.സി. നിയമനം സംബന്ധിച്ച് ഇപ്പോഴുള്ള നടപടിക്രമങ്ങൾ കുറ്റമറ്റരീതിയിൽ പരിഷ്കരിക്കുന്നതുസംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകുന്നതിനായി ഒരു ഉന്നതാധികാര സമിതിയെ നിയമിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് പി.എസ്.സി. യുമായി സർക്കാർ ചർച്ച നടത്തുമോ ?

ഉത്തരം

(എ&ബി) ഇപ്പോൾ പരിഗണനയിലില്ല.

റേഷൻ പഞ്ചസാരയുടെ കാട്ട വർദ്ധിപ്പിച്ചു നൽകാൻ നടപടി

65 (1623) ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. കെ. സി. കുഞ്ഞിരാമൻ :
ശ്രീ എസ്. രാജേന്ദ്രൻ :
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുവിപണിയിൽ പഞ്ചസാര വില വർദ്ധിച്ചതുമൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) പൊതുവിപണിയിൽ പഞ്ചസാര വില വർദ്ധിക്കാൻ കാരണമെന്താണ് ;

LIBRARY ARCHIVES Kerala Legislative Assembly